### അദ്ധ്യായം 105

## അൽഫീൽ (ആന)

അവതരണം മക്കയിൽ, വചനങ്ങൾ 5

---

അധ്യായ പരിചയം:

എ.ഡി. 571-ാം വർഷം മക്കയിൽ നടന്ന സുപ്രധാന സംഭവമാണ് ഈ സൂക്ത ത്തിൽ പ്രതിപാദിക്കുന്നത്.

ഈ സംഭവം യമൻരാജാവായ അബ്റഹത്തുമായി ബന്ധപ്പെട്ടതാണെങ്കിലും ചരിത്രപരമായി അതിന് ഒട്ടേറെ പശ്ചാത്തലങ്ങൾ വേറെയുമുണ്ട്. ഈ അധ്യായം പൂർണമായി മനസ്സിലാക്കുവാനും വചനങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളുവാനും പ്രസ്തുത ചരിത്രവശം അറിയുന്നത് നല്ലതാണ്.

സബഇലെ പ്രസിദ്ധ ഗോത്രമായിരുന്നു ഹിംയർ. തൂബാൻ അഅ്മസ് (തുബ്ബഅ്) ആയിരുന്നു ചരിത്രകാലത്ത് അവിടെ ഭരിച്ചിരുന്നത്. അദ്ദേഹം ഒരിക്കൽ യഥ്രിബ് സന്ദർശിച്ചു. അവിടത്തെ ജൂതന്മാരിൽ ആകൃഷ്ടനായ തൂബാൻ ജൂതമതം സ്വീകരി ക്കുകയും ഏതാനും ജൂതപണ്ഡിതന്മാരെ തന്നോടൊപ്പം സബഇലേക്ക് (ഇന്നത്ത യ മൻ ഉൾക്കൊള്ളുന്ന പ്രദേശം) കൊണ്ടുപോകുകയും ചെയ്തു. ഈ പണ്ഡിതരുടെ സഹായത്തോടെ അദ്ദേഹം അവിടെ ജൂതമതം പ്രചരിപ്പിച്ചു.

തൂബാൻെറ കാലശേഷം പുത്രൻ ദൂനവാസ് രാജഭരണം ഏറ്റെടുത്തു. അദ്ദേഹം ദക്ഷിണ അറേബ്യയിലെ യമനോട് ചേർന്നുകിടക്കുന്ന നജ്റാനെ (ഇന്നത്തെ ഷറൂറ അടങ്ങുന്ന പ്രവിശ്യ) ആക്രമിച്ചു. ക്രൈസ്തവ സ്വാധീനത്തിലായിരുന്നു അന്ന് ആ പ്രദേശം. ദക്ഷിണ അറേബ്യയിലെ വലിയ വ്യവസായ മേഖല കൂടിയായിരുന്നു അത്. പലതരം വസ്ത്രങ്ങളും അവിടെ ഉല്പാദിപ്പിച്ചിരുന്നു. സാമ്പത്തികമായി വളരെ മുൻ പന്തിയിലെത്തിയിരുന്നു അന്ന് നജ്റാൻ.

നജ്റാൻ കീഴടക്കിയ ദൂനവാസ് ജനങ്ങളെ ജൂതമതം സ്വീകരിക്കാൻ നിർബ ന്ധിച്ചു. അവിടത്തുകാർ അത് നിഷേധിച്ചു. അതിനെ തുടർന്ന് ദൂനവാസ് നിരവധി യാളുകളെ തീക്കുണ്ഡത്തിലേക്കെറിഞ്ഞു കൊന്നുകളഞ്ഞു.

തദ്ദേശിയനായ ഒരാൾ അബ്സീനിയായിലെ -ഇന്നത്തെ എത്യോപ്യ -ക്രിസ്തീയരാ ജാവായിരുന്ന നജ്ജാശിയുടെ അടുത്ത് അഭയം തേടി. എ.ഡി. 523ൽ ആണ് സംഭ വം. വിവരങ്ങളറിഞ്ഞ നജ്ജാശി വലിയ ഒരു സേനയെ സജ്ജീകരിച്ച് യമനെ ആക്ര മിച്ചു. ദൂനവാസും സേനയും നശിപ്പിക്കപ്പെടുകയും യമൻ അബ്സീനിയയുടെ ഭാഗ മാവുകയും ചെയ്തു.

ഈ ആക്രമണത്തിൽ ക്രൈസ്തവ റോമിന് ഏറെ താല്പര്യവും സ്വാധീനവു മുണ്ടായിരുന്നു. മതപരമായ കാഴ്ചപ്പാടായിരുന്നില്ല അത്. മറിച്ച്, സാമ്പത്തികമായി മികച്ചു നില്ക്കുന്ന അറബികളുടെ വാണിജ്യകുത്തക തകർക്കുകയും അവരെ സാമ്പ ത്തികമായി നശിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു അത്. അതിനാൽ തന്നെ ഈ യുദ്ധത്തിൽ റോം അബ്സീനിയയെ തങ്ങളുടെ നാവികപ്പട നല്കി സഹായിക്കു കയുണ്ടായി.

യമൻ ജയിച്ചടക്കിയ നജജാശി അവിടത്തെ തൻെറ പ്രതിപുരുഷനായി സേനാ നായകൻ കൂടിയായ അബ്റഹത്തിനെ നിശ്ചയിച്ചു. യമനിൽ തൻെറ വാഴ്ച ആരം ഭിച്ച അബ്റഹത്ത് നേരത്തെ റോമാസാമ്രാജ്യം പദ്ധതിയിട്ടിരുന്ന ദൗത്യത്തിലേക്ക് തിരി ഞ്ഞു. അതായത്, അറബികളിൽനിന്ന് വാണിജ്യകുത്തക കൈക്കലാക്കുകയും അവരെ സമ്പത്തികമായി തകർക്കുകയും ചെയ്യുക.

ഇതിന് രണ്ട് വസ്തുതകൾ അയാൾ കണ്ടിട്ടുണ്ടാകാം. ഒന്ന്, അറബികൾ കഅ് ബയുടെ ആളുകളെന്ന നിലയിലുള്ള ബഹുമതിയാണ് മധ്യ-പൗരസ്ത്യദേശത്ത് അവ രുടെ വാണിജ്യവിജയരഹസ്യം. രണ്ട്, കഅ്ബ മക്കയിലായതിനാൽ തന്നെ മധ്യ പൗര സ്ത്യദേശങ്ങളിലെ വാണിജ്യം അവരുടെ കൈകളാലാണ് നിയന്ത്രിക്കപ്പെടുന്നത്. ഈ രണ്ട് കാരണങ്ങളാലും കഅ്ബയിൽനിന്ന് ആളുകളെ അകറ്റുകയാണ് അയാൾ ആദ്യം കണ്ട മാർഗം. അതിനാൽ, നജ്റാനിൽ അവിടത്തെ ക്രിസ്ത്യാനികൾ അവിടെ

സമാന്തര കഅ്ബാലയം നിർമിച്ചിരുന്നതു പോലെ അബ്റഹത്ത് സ്വൻആയിൽ ഒരു ദേവാലയം പണിയുകയും ഇനിമേൽ തീർഥാടനം അവിടേക്ക് ആക്കണമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. ഇതെ സംബന്ധിച്ച് അബ്റഹത്ത് നജ്ജാശിക്കെഴുതുകയും ചെയ്തു.

ഈ നടപടിയിൽ രോഷാകുലനായ ഒരാൾ പ്രസ്തുത ദേവാലയത്തെ മലീമസപ്പെടുത്തി. കഅ്ബയെ ആക്രമിക്കാൻ ഒരു കാരണം ലഭിക്കുന്നതിനായി അയാൾ സ്വയം ഒരു നിമിത്തം ഉണ്ടാക്കുകയായിരുന്നുവെന്നും പറയപ്പെടുന്നു. ഈ സംഭവത്തോടെ കഅ്ബയുടെ പക്ഷപാതികൾ തൻെറ ദേവാലയത്തെ നശിപ്പിക്കാൻ തുനിഞ്ഞു എന്ന കാരണം പറഞ്ഞ് അയാൾ കഅ്ബ ആക്രമിക്കാൻ പദ്ധതിയിട്ടു. പ്രതികാരം വീട്ടൽ മാത്രമായിരുന്നില്ല അയാളുടെ ലക്ഷ്യം. മേൽ സൂചിപ്പിച്ചതുപോലെ അറബികളെ സാമ്പത്തികമായി തകർക്കുകയും അവരിൽനിന്ന് വാണിജ്യകുത്തക പിടിച്ചെടുക്കലുമായിരുന്നു യഥാർഥ ലക്ഷ്യം.

പടയൊരുക്കം

ആനക്കലഹസംഭവത്തിൻെറ പശ്ചാത്തലമായി വർത്തിച്ച കാര്യങ്ങളാണ് സൂചിപ്പിച്ചത്. ഇനി സംഭവത്തിൻെറ രത്നച്ചുരുക്കം പരിശോധിക്കാം.

എ.ഡി. 571-ൽ അബ്റഹ് 60,000 ഭടന്മാരടങ്ങിയ ഒരു സേനയുമായി കഅ്ബയെ തകർത്തുകളയാൻ മക്കയിലേക്ക് നീങ്ങി. ഗജവീരന്മാരായിരുന്നു അയാളുടെ സേനാശക്തി. വഴിക്ക് പല അറബിരാജാക്കന്മാരും അബ്റഹത്തിനെ തടഞ്ഞെങ്കിലും അവരുടെ ശ്രമം പരാജയപ്പെടുകയാണുണ്ടായത്. കണ്ടതെല്ലാം കൊള്ളയടിച്ചു അബ്റഹത്ത് മുൻപോട്ട് നീങ്ങി.

പ്രവാചകൻ മുഹമ്മദ്നബിയുടെ ജനനത്തിൻെറ ഏകദേശം രണ്ട് മാസം മുമ്പാണിത്.

തിഹാമയിലെത്തിയ അബ്റഹത്ത് തൻെറ ദൂതൻ വശം മക്കയിലെ മുഖ്യന് ഒരു സന്ദേശം അയച്ചു. താൻ ആക്രമിക്കാനല്ല, കഅ്ബയെ തകർക്കുക മാത്രമാണ് തൻെറ ലക്ഷ്യമെന്നും എതിർക്കാതിരുന്നാൽ നിങ്ങളുടെ ജീവനും സ്വത്തിനും ഒരാപത്തും സംഭവിക്കുകയില്ലെന്നും അയാൾ അതിൽ എഴുതിയിരുന്നു.

അബ്റഹത്തിൻെറ സന്ദേശം മക്കയുടെ നേതാവ് എന്ന നിലക്ക് അബ്ദുൽ മുത്ത്വലിബ് കൈപ്പറ്റി. അത് വായിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "അബ്റഹത്തിനെ നേരിടാൻ നമുക്ക് ശക്തിയില്ല. കഅ്ബ അല്ലാഹുവിൻെറ ഭവനമാകുന്നു. അവൻ തന്നെ അതിനെ സംരക്ഷിക്കുന്നതായിരിക്കും."

തുടർന്ന് അബ്ദുൽ മുത്ത്വലിബ് അബ്റഹത്തിനെ ചെന്നുകണ്ടു. അയാൾ കൊള്ളയടിച്ചിരുന്ന തൻെറ 200 ഒട്ടകങ്ങളെ വിട്ടുതരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മക്കയുടെ നേതാവ് എന്ന നിലയിൽ ഞാൻ കഅ്ബ തകർക്കാൻ വന്നതിനെ സംബന്ധിച്ച് ഒന്നും പറയാനില്ലേ എന്ന ചോദ്യത്തിന് ഒട്ടകത്തിൻെറ ഉടമ ഞാനാണ്. അതിൻെറ കാര്യമേ എനിക്ക് പറയാനുള്ളൂ, കഅ്ബയുടെ ഉടമ അല്ലാഹുവാകുന്നു, അവൻ അതിനെ സംരക്ഷിക്കും എന്ന് അബ്ദുൽ മുത്ത്വലിബ് മറുപടി പറഞ്ഞു. എന്നിൽനിന്ന് ഇന്ന് കഅ്ബയെ ആരും സംരക്ഷിക്കുകയില്ല എന്ന പറഞ്ഞ് അബ്റഹത്ത് അബ്ദുൽ മുത്ത്വലിബിൻെറ 200 ഒട്ടകങ്ങളെ തിരിച്ചുനല്കാൻ ഉത്തരവിട്ടു.

തിരിച്ചുവന്ന അബ്ദുൽമുത്ത്വലിബ് ആളുകളോട് പറഞ്ഞു: കുട്ടികളെയും വൃദ്ധരെയും സ്ത്രീകളെയും കൂട്ടി വേഗം മലകയറുക. അവർ കൂട്ടനാശത്തിന് വിധേയരാകാതിരിക്കട്ടെ." തുടർന്ന് അദ്ദേഹം ഏതാനും ഖുറൈശീനേതാക്കളോടൊപ്പം ഹറമിലെത്തി അതിൻെറ കവാടത്തിൻെറ വട്ടകണ്ണി പിടിച്ച് കഅ്ബയെയും അതിൻെറ സംരക്ഷകരെയും കാത്തുരക്ഷിക്കണമെന്ന് കഅ്ബയുടെ നാഥനോട് പ്രാർഥിച്ചു. ഈ പ്രാർഥന ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

അനന്തരം അവർ മലമുകളിലേക്ക് പോയി.

മക്കയുടെ മുഖ്യനുമായി സംസാരിച്ചതിൻെറ രണ്ടാം ദിവസം അബ്റഹത്ത് തൻെറ സേനയെയും കൂട്ടി മക്കയുടെ നേരെ മാർച്ച് ചെയ്തു. ഈ മുന്നേറ്റത്തിനിടയിൽ വാദിമുഹസ്സിർ എന്ന സ്ഥലത്തെത്തിയതോടെ (മിനക്കടുത്ത്) ഗജവീരന്മാരിലെ പ്രധാനി പെട്ടെന്ന് ഇരുന്നുകളഞ്ഞു. മക്കയുടെ നേരെയുള്ള അതിൻെറ നട

ത്തം അത് അവസാനിപ്പിച്ചിരുന്നു. അതിനെ മുന്നോട്ടു നീക്കാനുള്ള അവരുടെ ശ്രമങ്ങളൊന്നും ഫലിച്ചില്ല. അതിനിടയിലാണ് ഈ അധ്യായം പരാമർശിച്ച അബാബീൽ പക്ഷികളുടെ ആക്രമണമുണ്ടായത്. അവ അവയുടെ കാലിലും കൊക്കിലും വലിയ കല്ലുകൾ വഹിച്ചിരുന്നു. അത് അബ്റഹത്തിൻെറ സേനാംഗങ്ങളുടെ ശരീരത്തിലേക്ക് വർഷിച്ചുതുടങ്ങി. അതേറ്റ് അവരുടെ ശരീരം അളിഞ്ഞുവീണു. രക്തവും മാംസവും അലിഞ്ഞൊഴുകി. അവരുടെ അസ്തികൾ പുറത്ത് കാണാമായിരുന്നു. അബ്റഹത്തിൻെറ ശരീരം കഷണങ്ങളായി മുറിഞ്ഞുവീണു. ഈ സ്ഥിതിയിൽ നില്ക്കക്കള്ളിയില്ലാതെ അവർ ഓട്ടം തുടങ്ങി. ഈ ഓട്ടത്തിനിടയിൽ അവിടവിടെയായി മുഴുവൻ സേനാംഗങ്ങളും അബ്റഹത്തും മരിച്ചുവീണു.

ഈ സംഭവം നടക്കുമ്പോൾ കഅ്ബക്കകത്ത് 360ഓളം വിഗ്രഹങ്ങളുണ്ടായിരുന്നു. അവയിൽ ഒന്നിനോടു പോലും പ്രാർഥിക്കാതെ ഏകനായ അല്ലാഹുവിനോട് മാത്രമാണ് അബ്ദുൽമുത്ത്വലിബും കൂട്ടരും അന്ന് പ്രാർഥിച്ചത്. ഈ സംഭവത്തിന് ശേഷവും ഖുറൈശികൾ വളരെക്കാലം അല്ലാഹുവിനെ മാത്രം വിളിച്ചാണ് പ്രാർഥിരുന്നത്.

### അധ്യായത്തിൻെറ പരാമർശം

മേൽസൂചിപ്പിച്ച സംഭവം നടന്ന് ഏകദേശം 40 കൊല്ലത്തിനുശേഷം മുഹമ്മദ്(സ) ഏകദൈവത്തിലേക്കുള്ള പ്രബോധനവുമായി മക്കയിൽ ആഗതനായി. ഏകദൈവത്തെ സംബന്ധിച്ച സംശയം ഒട്ടും അന്ന് ആ ജനതയുടെ മനസ്സിൽ ഉണ്ടായിരുന്നില്ല. കാരണം, ആനക്കലഹത്തോടെ അവരുടെ മനസ്സിൽ അല്ലാഹുവിനെ സംബന്ധിച്ച ധാരണ ശക്തമായി സ്വാധീനം നേടിക്കഴിഞ്ഞിരുന്നു. ഏകദൈവത്തെ സംബന്ധിച്ചും അവൻെറ ശക്തിയെ സംബന്ധിച്ചും ആ ജനതയെ അഭ്യസിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. അതിനാൽ ആ സംഭവം മാത്രം എടുത്തോതിക്കൊണ്ട് അവരോട് പറയുന്നു: മറ്റെല്ലാ ദൈവങ്ങളെയും വെടിഞ്ഞ് ഏകനായ അല്ലാഹുവിൻെറ അടിമത്തം സ്വീകരിച്ച് അവനെ മാത്രം നിങ്ങൾ ആരാധിക്കുക. അതിലാണ് നിങ്ങൾക്ക് പ്രതാപമുള്ളത്.

അർഥം:

| | | |
|---|---|---|
| നീ കണ്ടില്ലേ? | അലം തറ | أَلَمْ تَرَ |
| എങ്ങനെയാണ് | കൈഫ | كَيْفَ |
| പ്രവർത്തിച്ചതെന്ന് | ഫഅല | فَعَلَ |
| നിൻെറ രക്ഷിതാവ് | റബ്ബുക | رَبُّكَ |
| ആനക്കാരെക്കൊണ്ട് വർത്തിച്ചതെന്ന് | ബിഅസ്വ്ഹാബുൽ ഫീൽ | بِأَصْحَابِ الْفِيلِ |
| അവൻ ആക്കിയില്ലേ | അലം യജ്അൽ | أَلَمْ يَجْعَلْ |
| അവരുടെ കുതന്ത്രം | കൈതഹും | كَيْدَهُمْ |
| പാഴ്വിൽ | ഫീ തള്ലീൽ | فِي تَضْلِيلٍ |
| അയക്കുകയും ചെയ്തില്ലേ? | വ അർസല | وَأَرْسَلَ |

| | | |
|---|---|---|
| അവരുടെ നേരെ | അലൈഹിം | عَلَيْهِمْ |
| പക്ഷിക്കൂട്ടത്തെ | ത്വയ്റൻ അബാബീൽ | طَيْرًا أَبَابِيلَ |
| അത് അവരെ എറിഞ്ഞു | തർമീഹിം | تَرْمِيهِم |
| കല്ലുകൾ കൊണ്ട് | ബിഹിജാറത്തിൽ | بِحِجَارَةٍ |
| ചുട്ടുപഴുപ്പിച്ച കളിമൺ കൊണ്ടുള്ള | മിൻ സജ്ജീൽ | مِّن سِجِّيلٍ |
| അങ്ങനെ അവരെ ആക്കി | ഫജഅലഹും | فَجَعَلَهُمْ |
| വൈക്കോൽ തുരുമ്പുപോലെ | കഅസ്വ്ഫിൻ | كَعَصْفٍ |
| തിന്നൊടുക്കപ്പെട്ട | മഅ്കൂൽ | مَّأْكُولٍ |

بِأَصْحَابِ الْفِيلِ ബി അസ്വ്ഹാബിൽ ഫീൽ

ആനക്കാരെ എന്നർഥം.

ഇവിടെ ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് മുകളിൽ സൂചിപ്പിച്ചതുപോലെ സൈനികസേവനത്തിനും യുദ്ധത്തിനും ആനകളെ ഉപയോഗിച്ചിരുന്ന അഥവാ ആനപ്പടയാളികളായിരുന്ന അബ്റഹത്തും അവൻെറ ആളുകളുമാണ്.

كَيْدَهُمْ فِي تَضْلِيلٍ കൈതഹും ഫീ തള്ലീൽ

അവരുടെ കുതന്ത്രം പാഴാക്കിയില്ലേ എന്നർഥം.

കഅ്ബയെ പൊളിച്ചുമാറ്റാനുള്ള അവരുടെ കുതന്ത്രങ്ങളെയും അതിന് പ്രേരകമായിരുന്ന താല്പര്യങ്ങളുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവയത്രയും അല്ലാഹു പൊളിച്ചുകളയുകയും അവരുടെ ആനപ്പടയെ തകർത്തുകളയുകയും ചെയ്ത സംഭവമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

طَيْرًا أَبَابِيلَ ത്വയ്റൻ അബാബീൽ

പക്ഷിക്കൂട്ടം

ചിലർ ഈ പക്ഷികളെ അബാബീൽപക്ഷി എന്നുപറയാറുണ്ട്. എന്നാൽ ഇത് പക്ഷികളുടെ നാമമല്ല, ആ പക്ഷിക്കൂട്ടത്തിനുള്ള പൊതുനാമമാകുന്നു. ഈ പക്ഷികൾ എവിടന്ന് വന്നു, എവിടെക്ക് പോയി എന്ന് ആർക്കും അറിയില്ല.

تَرْمِيهِم بِحِجَارَةٍ مِّن سِجِّيلٍ തർമീഹിം ബിഹിജാറത്തിമ്മിൻ സിജ്ജീൽ

ചുട്ടുപഴുപ്പിച്ച കളിമൺ കൊണ്ടുള്ള കല്ലുകൾ കൊണ്ട് അവരെ എറിഞ്ഞു.

പക്ഷികളെ പരാമർശിച്ചതുപോലെ അവ വഹിച്ചിരുന്ന കല്ലുകളും എവിടെനിന്നുള്ളവയായിരുന്നു എന്ന് ആർക്കും അറിയില്ല. അവയത്രയും അല്ലാഹുവിന് മാത്രമറിയുന്ന അവൻെറ നടപടി ക്രമങ്ങളിൽ പെട്ട രഹസ്യങ്ങൾ മാത്രം.